ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

പട്ടികവർഗ്ഗ വികസന വകുപ്പ്

# ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്

## അടിമാലി

രണ്ടാം നില, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ജംഗ്ഷൻ, അടിമാലി, അടിമാലി പി.ഒ

website : www.stdd.kerala.gov.in - ഇ-മെയിൽ : tdoadimali@gmail.com - ഫോൺ & ഫാക്സ് : 04864-224399

നം. : എഫ് 1515/2018/റ്റി.ഡി.ഒ(1) തീയതി : 20.04.2018

## വിജ്ഞാപനം

## ഭൂമി ആവശ്യമുണ്ട്

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിലേക്ക് കുറഞ്ഞത് ഒരേക്കർ വരെയുള്ള ഭൂമി വിൽക്കുന്നതിന് തയ്യാറുള്ള ഭൂ ഉടമകളിൽ നിന്നും നേരിട്ട് അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ (റ്റി.ആർ.ഡി.എം) ജില്ലാ മിഷൻ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ മുഖേനയാണ് ഭൂമി വാങ്ങുന്നത്. ഭൂമിയുടെ ഉടമസ്ഥർ തങ്ങളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യവും, കൃഷിയോഗ്യവും, കുടിവെള്ള ലഭ്യത ഉള്ളതും, ഗതാഗതം/വൈദ്യുതി എന്നീ സൗകര്യങ്ങൾ ഉള്ളതും പാറക്കെട്ടുകൾ ഇല്ലാത്തതുമടക്കം യാതൊരു വിധ നിയമപ്രശ്നങ്ങളിലും ഉൾപ്പെടാത്ത ബാദ്ധ്യതകൾ ഇല്ലാത്ത ഭൂമി വിൽക്കുന്നതിന് തയ്യാറാണെന്ന സമ്മതപത്രം ഉൾപ്പെടുത്തി വേണം നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഭൂമി വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും നിയമനിബന്ധനകൾക്കും വിധേയമായിരിക്കും ഭൂമി വാങ്ങുന്നത്. ഭൂമി തിരഞ്ഞെടുക്കുന്നതിനും ഗുണനിലവാരം നിശ്ചയിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിക്കുന്നതിനും നിരസിക്കുന്നതിനും ജില്ലാകളക്ടർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ എന്നിവർക്ക് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്. തർക്കങ്ങളിലും മറ്റും സംസ്ഥാന പട്ടിക വർഗ്ഗ വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കും. ഭൂമി വിൽക്കുന്നതിന് താൽപര്യമുള്ള ഭൂ ഉടമകൾ കൂടുതൽ വിവരങ്ങൾക്കായി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് അടിമാലിയുമായി ബന്ധപ്പെടുക. മൊബൈൽ നമ്പർ. 9496070405, ഓഫീസ് - 04864224399.

(ഒപ്പ്)

ജില്ലാ കളക്ടർ

ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ